**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2860** — 18-08-2017 -ൽ മറുപടിക്ക്

**ഉപഭോക്തൃ സമിതികൾക്ക് ചെയ്യാവുന്ന പ്രവൃത്തികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) | കാലവർഷക്കെടുതികൾ മൂലം റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണത്തിനായി നൽകുന്ന തുക ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ, എത്ര ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളാണ് ഉപഭോക്തൃ സമിതികൾക്ക് ഏറ്റെടുത്ത് ചെയ്യാൻ സാധിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | 10.10.2012-ലെ സ.ഉ.(കൈ)നം.384/2012/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് കാലവർഷക്കെടുതികൾ മൂലം തകർന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നത്. കാലവർഷക്കെടുതി- പ്രകൃതിക്ഷോഭത്തിൽ തകരുന്ന റോഡുകളുടെയും മറ്റും പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുന്ന പ്രവൃത്തികളിൽ 10,00,000/- (പത്ത് ലക്ഷം രൂപാ മാത്രം) രൂപ വരെയുള്ള പ്രവൃത്തികളാണ് ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുക്കാൻ സാധിക്കുന്നത്. എന്നാൽ 17.11.2015-ലെ സ.ഉ.(പി)നം. 524/2015/ധന നമ്പർ ഉത്തരവ് പ്രകാരം 5,00,000/- (5 ലക്ഷം രൂപാ മാത്രം) മുതലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടപടി ബാധകമാക്കിയിട്ടുണ്ട്. |
| (ബി) | ഉപഭോക്തൃ സമിതികൾക്ക് ഏറ്റെടുത്ത് ചെയ്യാവുന്ന പ്രവൃത്തികളുടെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) & (സി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | എം.എൽ.എ. ഫണ്ടിലെ പതിനഞ്ച് ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഉപഭോക്തൃ സമിതികൾക്ക് ചെയ്യാമെന്ന ഉത്തരവ് മേൽ പ്രവൃത്തികൾക്കും ബാധകമാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ